# ‘ദൈവത്തെ അന്വേഷിക്കുക’

സദൃശവാക്യങ്ങൾ 8:17

‘‘എന്നെ ജാഗ്രതയോടെ അന്വേക്ഷിക്കുന്നവർ എന്നെ കണ്ടെത്തും.’’

ഭൂലോകം മുഴുവൻ അന്വേഷണത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. പുരോഗതികളും കണ്ടുപിടുത്തങ്ങളും നിരന്തരം നടക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ അന്വേഷണങ്ങൾ ഒക്കെ അന്തിമമായി എന്തിനാകുന്നുവെന്നും, ഏതിലേക്ക് കൊണ്ടെത്തിക്കുമെന്നും ഒരു നിമിഷം ചിന്തിക്കേണ്ടിയിരിക്കുന്നു. എത്ര മഹത്തായ അന്വേഷണവും കണ്ടെത്തലുകളും താൽക്കാലികമായി മാത്രം മനുഷ്യനെ തൃപ്തിപ്പെടുത്തുന്നു. എന്നാൽ പൂർണ്ണതൃപ്തിയിലും, സന്തോഷത്തിലും, സമാധാനത്തിലും വഴി നടത്താൻ മതിയായവനെ അന്വേഷിക്കാൻ ഇന്നു മറന്നു പോകുന്ന ലോകത്തോട് വചനം ഓർമ്മിപ്പിക്കുന്നു. ‘‘എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവൻ എന്നെ കണ്ടെത്തും’’

വിദ്വാന്മാർ യേശുവിനെ അന്വേഷിച്ചിറങ്ങി. കിഴക്കുകണ്ട നക്ഷത്രം(മത്തായി 2:2) പൂർണ്ണജാഗ്രതയോടെ അവനെ അന്വേഷിക്കാൻ വിദ്വാന്മാരെ ഇടയാക്കി. തത്വജ്ഞാനികളെങ്കിലും തിരുവെഴുത്തുകളെപ്പറ്റിയുള്ള അവലോകനം അവർക്കുണ്ടായിരുന്നില്ല. എങ്കിലും യഹൂദന്മാരുടെ രാജാവായി പിറന്നവനെ കണ്ടെത്താനുള്ള ദാഹം, അന്വേഷണം, ഹൃദയത്തിൽ ഉണ്ടായി. മുന്നോട്ടുള്ള സകല പ്രതിസന്ധികളുടെയും പാതകൾ തരണം ചെയ്ത് അവനെ കണ്ടെത്തുവാനും സമർപ്പിക്കുവാനും അവർക്ക് ഇടയായി.

അവനെ ഹൃദയപൂർവ്വം അന്വേഷിക്കുന്നവൻ തീർച്ചയായും അവനെ കണ്ടെത്തും. കണ്ടെത്തുന്നവൻ അവനെ അനുഗമിക്കും. അനുഗമിക്കുന്തോറും വലിയവനായ ദൈവത്തെ അറിയുവാൻ ഇടയാകും. ദൈവത്തെ വാസ്തവമായും അറിഞ്ഞവൻ അവന്റെ സ്വരം കേൾക്കും, അനുസരിക്കും, അവന്റേതു മാത്രമായി തീരുവാൻ ഏല്പിച്ചു കൊടുക്കും.

അതേ, നമ്മുടെ കൈവശമുള്ള വിലപിടിപ്പുള്ള ഒന്ന് നഷ്ടപ്പെട്ടാൽ എത്ര ജാഗ്രതയോടെ അതിനെ അന്വേഷിച്ചു കണ്ടെത്തുവാൻ ശ്രമിക്കും. ഈ നാളുകളിൽ പൂർണ്ണജാഗ്രതയോടുകൂടി ദൈവത്തെ അന്വേഷിക്കുവാൻ ഇടയാകട്ടെ. മറിയയുടെയും യോസേഫിന്റെയും കൂടെ നടന്ന യേശുവിനെ കാണാതായപ്പോൾ അവർ അന്വേഷിച്ചിറങ്ങി. നഷ്ടപ്പെട്ടിടത്തുവച്ചു കണ്ടു, വീണ്ടും കൂടെ ചേർത്തു. അതേ, ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കാൻ പരാജയപ്പെട്ട ജീവിതങ്ങളുടെ എല്ലാ ഭാവങ്ങളെയും, ബന്ധങ്ങളെയും ആ കൈകളിലേക്ക് ഒന്ന് ഏല്പിച്ചു കൊടുക്കാം. അന്വേഷിച്ചും, കണ്ടെത്തിയും, അറിഞ്ഞും, അനുസരിച്ചും ഒരു ദൈവപൈതലായി എന്നും ജീവിക്കാൻ സഹായിക്കണമേ എന്നു

പ്രാർത്ഥിക്കാം. ദൈവഹിതം തിരിച്ചറിയണമെങ്കിൽ അവനെ അന്വേഷിക്കുന്നവനെ കഴിയൂ. അങ്ങനെ ജാഗ്രതയോടെ ഒരു അന്വേഷണം അധികമായി നടത്താൻ ഈ വചനഭാഗം ഏവരെയും സഹായിക്കട്ടെ. ജാഗ്രതയോടെ അന്വേഷിച്ചാൽ കർത്താവിനായി പ്രയോജനപ്പെടുവാൻ ഇടയാകും. അതിനായി കർത്താവ് സഹായിക്കട്ടെ.

പരാമർശം :
1 ദിനവൃത്താന്തം 28:9

നീയോ എന്റെ മകനേ, ശാലോമോനേ, നിന്റെ അപ്പന്റെ ദൈവത്തെ അറികയും അവനെ പൂർണ്ണഹൃദയത്തോടും നല്ലമനസ്സോടും കൂടെ സേവിക്കയും ചെയ്ക; യഹോവ സർവ്വഹൃദയങ്ങളെയും പരിശോധിക്കയും വിചാരങ്ങളും നിരൂപണങ്ങളും എല്ലാം ഗ്രഹിക്കയും ചെയ്യുന്നു; നീ അവനെ അന്വേഷിക്കുന്നു എങ്കിൽ അവനെ കണ്ടെത്തും; ഉപേക്ഷിക്കുന്നു എങ്കിലോ അവൻ നിന്നെ എന്നേക്കും തള്ളിക്കളയും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 066